പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

22/03/2013-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1560

## ഊർജശ്രീ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
| (എ) | ഊർജശ്രീ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമാക്കുമോ; | (എ) | ഊർജ്ജശ്രീ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയേയും സാദ്ധ്യതകളേയും സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ആശയപ്രചാരണം, ഊർജ്ജസംരക്ഷണത്തെപ്പറ്റി അവരെ ബോധവൽക്കരിക്കൽ എന്നിവയാണ്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഹരിത സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടേയും പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങളുടെയും വിപണനം, വിൽപനാനന്തര സേവനം, വിപണനസേവനരംഗങ്ങളിലെ ഉപജീവന മാർഗ്ഗ വികസനം എന്നിവയാണ്. |
| (ബി) | ഊർജശ്രീ പദ്ധതിയിലൂടെ സൃഷ്ടിക്കാൻ സാധിക്കുന്ന തൊഴിൽ അവസരങ്ങൾ സംബന്ധിച്ച് വെളിപ്പെടുത്തുമോ? | (ബി) | ഊർജ്ജശ്രീ പദ്ധതിയുടെ പ്രാരംഭമായി ഈ സാമ്പത്തികവർഷം തിരുവനന്തപുരം മ്യൂസിയം വളപ്പിൽ ഒരു വില്പനകേന്ദ്രവും, അതിനോടനുബന്ധിച്ച് ഒരു വില്പനാനന്തര പരിപാലന യൂണിറ്റും സ്ഥാപിച്ചു. ഒരു വർഷം കൊണ്ട് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരത്തിൽ ഓരോ യൂണിറ്റും, മൂന്ന് വർഷം കൊണ്ട് എല്ലാ ബ്ലോക്കുകളിലും/മുനിസിപ്പൽ/കോർപ്പറേഷനുകളിലും ഓരോ യൂണിറ്റ് വീതവും പ്രവർത്തനം ആരംഭിയ്ക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം രണ്ടായിരത്തിലധികം കുടുംബശ്രീ വനിതാ സംരംഭകർക്ക് നേരിട്ട് സ്വയംതൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിയ്ക്കുന്നു. |

22/3/13

സെക്ഷൻ ഓഫീസർ